
പ്രദീപൻ പാമ്പിരിക്കുന്ന്

# എരി



DCB

# എരി

## പ്രദീപൻ പാമ്പിരികുന്ന്



പ്രദീപൻ പാമ്പിരികുന്നിനെ ഗാഢമായി പരിചയപ്പെടാൻ നാളിതുവരെയായി നാമറിഞ്ഞതൊന്നും പോരാ. ഈ നോവൽകൂടി വേണം എന്നതിലെനിക്കു സന്ദേഹമില്ല. അത് പ്രദീപനാഗ്രഹിച്ചവിധം പൂർത്തിയായിട്ടുണ്ടോ എന്ന ചോദ്യം ഒട്ടും പ്രസക്തമല്ലെന്ന് ഇന്നെനിക്ക് തോന്നുന്നു. പ്രദീപന്റെ കൈ തട്ടിമാറ്റി അക്ഷമനായ മരണം 'ശുഭം' എന്നെഴുതി അതിനെ ക്ഷണത്തിൽ പൂർത്തിയാക്കി. മരണം പൂർത്തിയാക്കിയ ഈ നോവലിന് വ്യത്യസ്തമായ ഒരു പൂർണ്ണത ഉണ്ടായിരിക്കാം. അല്ലെങ്കിൽ പൂർണ്ണം എന്ന് ഏതെങ്കിലും കൃതികളെക്കുറിച്ച് പറയാമോ? നല്ല ഏതു കൃതിയാണ് ഉപേക്ഷിക്കപ്പെട്ടതല്ലാതെ പൂർത്തിയായിട്ടുള്ളത്? *ഞാൻ എഴുതാൻ തുടങ്ങി* എന്ന അസാധാരണമായ വാക്യത്തിൽ അവസാനിക്കുന്ന ഈ നോവലിന് ഇതിലും കേമമായ ഒരു ക്ലൈമാക്സ്, അപൂർണ്ണവും ഗംഭീരവുമായ ഒരു അവസാനം, എനിക്കു സങ്കല്പിക്കാനുമാവുന്നില്ല

**-കൽപറ്റ നാരായണൻ**



കവർ ഡിസൈൻ: **നിഷാൻ**


ഡി സി ബുക്സ്

ISBN 978-93-86560-16-2

00001

www.dcbooks.com

നോവൽ

E-book available

₹ 125

B. 2801

പ്രദീപൻ പാമ്പിരിക്കുന്ന്

# എരി

ഡി സി ബുക്സ്

11292
B - 2801

# എരി

Reg. No
19-KNR
670 6

**ഡോ. പ്രദീപൻ പാമ്പിരികുന്ന് (1969 -2016)**

കോഴിക്കോട് ജില്ലയിലെ പാമ്പിരികുന്നിൽ 1969- ൽ ജനിച്ചു. കാലിക്കറ്റ് സർവ്വകലാശാലയിൽനിന്ന് ഒന്നാം റാങ്കോടെ എം.എ മലയാളം. കേരള സംസ്കാരം ഒരു ദലിത് സമീപനം എന്ന വിഷയത്തിൽ ഡോക്ടറേറ്റ്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കൊയിലാണ്ടി കേന്ദ്രത്തിൽ അധ്യാപകൻ. ദലിത് പഠനം: സ്വത്വം സംസ്കാരം സാഹിത്യം, ദലിത് സൗന്ദര്യശാസ്ത്രം എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സുകുമാർ അഴീക്കോട് എൻഡോവ്മെന്റ് അവാർഡും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എൻ.വി. സ്മാരക വൈജ്ഞാനിക അവാർഡും ലഭിച്ചു. 2016 ഡിസംബർ 8-ന് അന്തരിച്ചു.

ഡോ. പ്രദീപൻ പാമ്പിരികുന്നിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

ലേഖനം
ദലിത് സൗന്ദര്യശാസ്ത്രം

നോവൽ
എരി

പ്രതീക്ഷിക്കാത്തതരത്തിലുള്ള ഒരു ക്ലൈമാക്സ് ഇതിനുണ്ടാകുമെന്ന് എപ്പോഴും പറയും. അതിനുള്ള ആലോചനയിലായിരുന്നു, അതിന്റെ അസ്വസ്ഥതയിലായിരുന്നു അവസാനനാളുകളിലദ്ദേഹം.

എരിയുടെ പ്രസിദ്ധീകരണം പ്രദീപന്റെ വലിയൊരു സ്വപ്നമായിരുന്നു. മുഴുവൻ എഴുതിക്കഴിഞ്ഞാൽ നീ ഒന്നുകൂടി വായിച്ച് എല്ലാം ശരിയാക്കിത്തരണം എന്ന് എന്നോട് പറഞ്ഞിരുന്നു. അങ്ങനെ എന്തൊക്കെ പറഞ്ഞു! മനോഹരമായ ഭാഷയിൽ അദ്ദേഹം എഴുതുന്ന മുഖവുരയോടുകൂടി പുറത്തിറങ്ങേണ്ടതായിരുന്നു ഈ നോവൽ. ഇത് ഇപ്പോൾ എന്റെ ഈ എഴുത്ത്... അതും ഒരു നിയോഗമായിരിക്കാം. തന്റെ ഈ നോവൽ ഗൗരവമായി ചർച്ചചെയ്യപ്പെടണമെന്ന് അദ്ദേഹം ഏറെ ആഗ്രഹിച്ചിരുന്നു. ആ ആഗ്രഹം വായനാസമൂഹം ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നോവലിന്റെ പ്രസാധനച്ചുമതല ഏറ്റെടുത്ത ഡി സി ബുക്സിനും അതിനുപിന്നിൽ പ്രവർത്തിച്ച സുഹൃത്തുക്കൾക്കും നന്ദി.

**സജിത കിഴിനിപ്പുറത്ത്**

B. 2801

## സ്വയം എരിഞ്ഞെഴുതിയ നോവൽ

*നവോത്ഥാനത്തിന്റെ ചരിത്രം വീണ്ടും പഠിക്കാൻ ഞാൻ തീരുമാനിച്ചു. പരാജയപ്പെട്ട മനുഷ്യരുടെ എണ്ണമറ്റ കണ്ണീർത്തുള്ളികളിൽനിന്നാണ് യഥാർത്ഥ ചരിത്രം തുടങ്ങുന്നതെന്ന് ഞാൻ തിരിച്ചറിയുന്ന നിമിഷമായിരുന്നു അത്. എരിയുടെ ആത്മാവ് ഒരു കണ്ണീർത്തുള്ളിയായി എന്റെ നെറുകയിൽ ഇറ്റുവീഴുന്നതായി എനിക്കു തോന്നി.*

ആധുനിക സാമൂഹ്യാവബോധത്തിലേക്ക് കേരളീയരെ നയിച്ച വിവിധ നവോത്ഥാനശ്രമങ്ങളിലൊന്നിന്റെ ഭാവനാവിഷ്കാരമാണ് പ്രദീപൻ പാമ്പിരികുന്നിന്റെ 'എരി' എന്ന നോവൽ. ജാതിരഹിത പൊതുസമൂഹം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻവേണ്ടി, അങ്ങേയറ്റം ജാതീയമായ അടിമത്തം അനുഭവിച്ച ഒരു ജനവിഭാഗത്തിൽനിന്നും ആത്മാഭിമാനത്തോടെ ഉയർന്നുവന്ന കഥാപാത്രമാണ് എരി. വടക്കൻ കേരളത്തിലെ പഴയ കുറുമ്പ്രനാട് താലൂക്കിലെ പറയനാർപുരം എന്ന സങ്കല്പിക ദേശമാണ് എരിയുടെ നാട്. ഐതിഹാസികമായ എരിയുടെ ജീവിതം ഐതിഹ്യങ്ങളിലൂടെയും ഓർമ്മകളിലൂടെയും പുസ്തകങ്ങളിലൂടെയും മറ്റു രേഖകളിലൂടെയും ഒരു കീഴാള ഭാഷാഗവേഷകൻ പുനഃസൃഷ്ടിക്കാൻ ശ്രമിക്കുന്നതിന്റെ ബഹുസ്വരാത്മകാഖ്യാനമാണ് ഈ നോവൽ. 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുമായി കേരളത്തിൽ അങ്ങോളമിങ്ങോളം നടന്ന സാമൂഹ്യപ്രതിരോധശ്രമങ്ങൾ ഇവിടെ എരിയുമായി കണ്ണിചേർക്കപ്പെടുന്നുണ്ട്.

പ്രദീപന്റെ ആദ്യനോവലാണിത്. ദൗർഭാഗ്യവശാൽ അവസാനത്തേതും. ആധുനിക കേരളം രൂപപ്പെട്ടതിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾതന്നെയാണ് ഈ നോവലിന്റെയും അടിസ്ഥാനം. വർഷങ്ങളായി കൊണ്ടുനടക്കുന്ന ഈ ആശയം സമർത്ഥമായി ആവിഷ്കരിക്കാൻ നോവലിന്റെ വലിയ കാൻവാസ് ഉപയോഗപ്പെടുത്താൻ അദ്ദേഹം തീരുമാനിക്കുകയായിരുന്നു. അങ്ങനെയാണ് ഒന്നരവർഷം മുമ്പ് നോവൽ രചന ആരംഭിച്ചത്.

കാലം തന്നിൽ ചില നിയോഗങ്ങൾ സൃഷ്ടിച്ചിരുന്നുവെന്ന തോന്നൽ പ്രദീപന് ഉണ്ടായിരുന്നു. ഇങ്ങനെ എത്രയെത്ര എരികൾ! അവരെ ഉചിതമാംവിധം അടയാളപ്പെടുത്തേണ്ടതുണ്ടെന്നും അത് കാലം തന്നോട്

Malayalam Language
Eri

literature/ Novel
*by* Pradeepan Pambirikunnu

Illustration
Pradeepan PambirikunnuW

Rights Reserved

First Published March 2017

Publishers
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

Distributors
D C Books-Current Books
INDIA

D C Books Library Cataloguing in Publication Data
Pradeepan Pambirikunnu
Eri/Pradeepan Pambirikunnu
128 p., 21 cm.
ISBN 978-93-86560-16-2
1. Malayalam novel. I. Title.
8M3*—dc22

*(This is local variation of DDC Number for Malayalam literature: Eri.)

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-86560-16-2

Printed in India
at D C Press, Kottayam, INDIA.

D C Books: The First Indian Book Publishing House to get ISO Certification

₹125.00

38/17-18-Sl.No. 16456-dcb 6639-1000-5101-04-17 ltc. 17.0-p pk-r sh-d sm

ആവശ്യപ്പെടുന്നുണ്ടെന്നും അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. അങ്ങനെയാണ് സ്വന്തം നാടിന്റെ പഴയ ഓർമ്മകളിൽനിന്ന് എരിയെ കണ്ടെത്തുന്നത്. മന്ത്രവിദ്യയിലും വൈദ്യത്തിലും അഗാധജ്ഞാനമുണ്ടായിരുന്ന പറയവിഭാഗത്തിൽ പിറന്ന ഒരു മഹാമനുഷ്യനായിരുന്നു ഓർമ്മകളിലെ എരി. തന്റെ കീഴാള നവോത്ഥാന നായക സങ്കല്പത്തിന് തികച്ചും അനുയോജ്യനായി അയാളെ തിരിച്ചറിയുകയായിരുന്നു. കീഴടക്കാനാവാത്ത ശരീരബലവും തളരാത്ത മനസ്സും തികഞ്ഞ ജ്ഞാനവും എരിക്കായി അദ്ദേഹം കരുതിവെച്ചിരുന്നു.

അദ്ദേഹം കരുതിവെച്ചിരുന്നു.

എരി സംസാരിച്ചുതുടങ്ങി:

*കൂട്ടരേ, നമുക്കൊരു വലിയ പാരമ്പര്യമുണ്ട്.*
*നാം ഈ കാടിന്റെയും മലയുടെയും*
*വെള്ളത്തിന്റെയും മക്കളാണ്.*
*നമുക്കു ദൈവം*
*തരുന്നതാണ് കാറ്റും വെളിച്ചവും.*
*നമുക്ക്*
*ജ്ഞാനമില്ല എന്നതാണ് പ്രശ്നം.*
*നാമത് നേടണം.*

തികഞ്ഞ ലക്ഷ്യബോധത്തോടെയുള്ള എഴുത്തായിരുന്നു പ്രദീപന്റേത്. അതോടൊപ്പം നോവൽ ആഖ്യാനകലയാണെന്ന ഉത്തമബോധ്യവും അദ്ദേഹത്തിന് ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ബഹുമുഖമായ കലാസിദ്ധികളുള്ള തന്നെ സമ്പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പ്രദീപൻ ഈ നോവൽ എഴുതിക്കൊണ്ടിരുന്നത്. താളവും വാദ്യവും സംഗീതവും വായ്ത്താരികളും നാട്ടുമൊഴികളും നർമ്മമധുരമായ സന്ദർഭങ്ങളും സ്വപ്നങ്ങളും അതോടൊപ്പം ഗവേഷണത്തിന്റെ ജാഗ്രതയും ഇവിടെ ഇഴചേരുന്നുണ്ട്.

തന്റെ എഴുത്തിൽ പ്രദീപന് നല്ല ആത്മവിശ്വാസമുണ്ടായിരുന്നു. ഒറ്റ ഇരിപ്പിൽ ഓരോ അധ്യായങ്ങളാണ് എഴുതിയിരുന്നത്. രാവിലെയാണ് മിക്കവാറും എഴുത്ത്. എഴുതിക്കഴിഞ്ഞാലുടൻ ഞാൻ വായിക്കണമെന്നത് നിർബന്ധമായിരുന്നു. പ്രതികരണമറിയാൻ ആകാംക്ഷയോടെ കാത്തിരിക്കും. അതിനെക്കുറിച്ച് ചർച്ച ചെയ്യാനും വലിയ താത്പര്യമായിരുന്നു. എഴുതിയ ഭാഗങ്ങൾ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കുമൊക്കെ വായിക്കാൻ കൊടുക്കാറുണ്ടായിരുന്നു. അങ്ങനെ എഴുതിത്തുടങ്ങിയപ്പോൾതന്നെ 'എരി' സുഹൃദ് വലയങ്ങൾക്കിടയിൽ സംസാരവിഷയമായിത്തീർന്നിരുന്നു. 'പറയൻ എരി ഒരത്ഭുതംതന്നെയായിരുന്നു' എന്നു തുടങ്ങുന്ന നോവലിലെ ആദ്യ അധ്യായം എഴുതിക്കഴിഞ്ഞപ്പോൾ അദ്ദേഹം അനുഭവിച്ച നിർവൃതി അപാരമായിരുന്നു. തന്റെ ആഖ്യാനകലയിൽ അദ്ദേഹം അങ്ങേയറ്റം സംതൃപ്തനായി

കാണപ്പെട്ടിരുന്നു. അഞ്ച് അധ്യായങ്ങൾ എഴുതിക്കഴിഞ്ഞതോടുകൂടി പിന്നെ മാസങ്ങളോളം പല തിരക്കുകൾ കാരണം നോവൽ എഴുതാനേ കഴിഞ്ഞിരുന്നില്ല. 'എരി തൊടാനാവുന്നില്ലല്ലോ' എന്ന് ഇടയ്ക്കിടെ വിഷമത്തോടെ പറയാറുണ്ടായിരുന്നു. വീണ്ടും എഴുത്ത് സജീവമായത് കഴിഞ്ഞ മാസങ്ങളിലാണ്. ഡിസംബറോടുകൂടി എഴുതിത്തീർക്കണം എന്നായിരുന്നു ഉദ്ദേശിച്ചിരുന്നത്.

നോവൽ എഴുതുവാനായി പല തരത്തിലുള്ള അന്വേഷണങ്ങളും വായനകളും അദ്ദേഹം നടത്തിയിരുന്നു. ശരിക്കും ഒരു ഗവേഷണ സ്വഭാവം എഴുത്തിന്റെ പിന്നിലുണ്ടായിരുന്നു. നോവലിലെ ഏഴാം അദ്ധ്യായം എഴുതുന്ന സന്ദർഭം ഓർക്കുന്നു. ഇവിടെ ഒരു ടോർച്ച് നിർണ്ണായകമായിത്തീരുന്നുണ്ട്. ടോർച്ച് കേരളത്തിൽ പ്രചാരത്തിൽ വന്നതെന്നാണ് എന്നുതുടങ്ങി ടോർച്ചിന്റെ ചരിത്രത്തെക്കുറിച്ചുള്ള അന്വേഷണമായിരുന്നു പിന്നീട്. താൻ എഴുതുന്ന ഓരോ വാക്കും കാലത്തിനും ചരിത്രത്തിനും നിരക്കുന്നതാവണം എന്നൊരു നിശ്ചയ ദാർഢ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

നോവൽ രചനയുടെ പല ഘട്ടങ്ങളിലും പ്രാഥമിക വിവരങ്ങൾ ശേഖരിച്ചിരുന്നത് അച്ഛനമ്മമാരിൽനിന്നും വലിയച്ഛനിൽനിന്നുമായിരുന്നു. അവർ പറയുന്ന കഥകൾ ഒരു കുട്ടിയുടെ കൗതുകത്തോടെ കേട്ടിരിക്കും. മിക്കവാറും അപ്പോൾ കയ്യിലുള്ള പേപ്പറിൽ ചില രേഖാചിത്രങ്ങൾ വരയ്ക്കുന്ന സ്വഭാവവും അദ്ദേഹത്തിനുണ്ടായിരുന്നു. അത്തരം സന്ദർഭങ്ങളെല്ലാം തന്റെ പ്രതിഭാസ്പർശം നൽകി തികച്ചും പുതിയ ഒന്നാക്കി നോവലിൽ മാറ്റിയെടുത്തത് അത്ഭുതത്തോടെയേ എനിക്ക് വായിക്കാൻ കഴിഞ്ഞിരുന്നുള്ളൂ.

സൂക്ഷ്മനിരീക്ഷണപാടവത്തോടെയാണ് വൈവിധ്യമുള്ള കഥാപാത്രങ്ങളെ അദ്ദേഹം ആവിഷ്കരിച്ചത്. അവരിൽ പലരുടെയും മാതൃകകൾ കണ്ടെടുത്തത് സ്വന്തം നാട്ടിൽനിന്നുതന്നെയാണ്. ഞങ്ങൾ പരിചയപ്പെട്ടകാലം തൊട്ടേ നാട്ടിലെ വ്യത്യസ്തരായ ആളുകളെയും അവരെ ചുറ്റിപ്പറ്റി രൂപപ്പെട്ട പല തമാശകളും അദ്ദേഹം പങ്കുവെക്കാറുണ്ടായിരുന്നു, തമാശകളുടെ വലിയയൊരു ശേഖരംതന്നെ പ്രദീപന് ഉണ്ടായിരുന്നു. അത് സ്വതഃസിദ്ധമായ ശൈലിയിൽ അവതരിപ്പിക്കുക അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. നോവലിൽ പല ഇടങ്ങളിലും ഇത്തരം സന്ദർഭങ്ങൾ അദ്ദേഹം കൊണ്ടുവരുന്നുണ്ട്.

നോവലിൽ കുറച്ചു കാര്യങ്ങൾകൂടി ഉണ്ടാവണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നതായറിയാം. അതിലൊന്ന് വാഗ്ഭടാനന്ദനുമായി എരി കണ്ടുമുട്ടുന്ന രംഗമാണ്. മറ്റൊന്ന് എരി ആരംഭിക്കുന്ന പത്രത്തെക്കുറിച്ചാണ്... അങ്ങനെ കേരളമാകെ വ്യാപിക്കുന്ന മട്ടിൽ എരിയുടെ പ്രവർത്തനങ്ങൾ വളർന്നതിനെക്കുറിച്ച് എഴുതാനുണ്ടായിരുന്നു. ഒട്ടും